# അയ്യങ്കാളി

**പി.സി. മോഹനൻ**

വ്യവസ്ഥാപിതത്വത്തിന്റെ ജീർണതയ്ക്കും ജനവിരുദ്ധതയ്ക്കുമെതിരേ കലാപം ചെയ്തവരുടെ ചരിത്രം ആവിഷ്കരിക്കാൻ നാടകവേദിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന സംവിധായകനാണ് പി.എം. ആന്റണി. സ്പാർട്ടക്കസ്, ക്രിസ്തുവിന്റെ ആറാംതിരുമുറിവ്, അമ്മ തുടങ്ങിയ അദ്ദേഹത്തിന്റെ നാടകങ്ങൾ ഇപ്പറഞ്ഞതിനെ ഉദാഹരിക്കും. തിരുവനന്തപുരം 'സൂര്യകാന്തി'ക്കുവേണ്ടി അദ്ദേഹം രചനയും സംവിധാനം നിർവഹിച്ച് നവംബർ 23-ന് ഉദ്ഘാടനം ചെയ്യപ്പെട്ട 'അയ്യങ്കാളി' നാടകവും ഇതേ ജനുസിൽപ്പെട്ടതുതന്നെ.

സാമൂഹ്യ- സാമ്പത്തിക- ആത്മീയ ചൂഷണങ്ങളുടെ നൈരന്തര്യത്താൽ തലയുയർത്താനാവാതെ നൂറ്റാണ്ടുകൾ കഴിച്ചുകൂട്ടിയ ഒരു സമൂഹത്തെ ആയിരങ്ങളെപ്പോലും പിന്തുണയില്ലാതെ ആത്മവീര്യമണിയിച്ച അയ്യങ്കാളിയുടെ ചരിത്രം അതിശയോക്തിയോ അതിവാചാലതയോ കൂടാതെ അവതരിപ്പിക്കാൻ ശ്രമിക്കുന്നു എന്നതാണീ നാടകത്തിന്റെ പ്രത്യേകത.

അധികം മുമ്പല്ലാതെ നടന്ന സംഭവങ്ങൾ, പഴമക്കാരുടെ മനസിൽ ഇന്നും അനുരണനം ചെയ്യപ്പെടുന്ന സ്മരണകൾ- ഇവയുടെ സാന്നിധ്യം അതിരുവിട്ട സ്വാതന്ത്ര്യം കൈക്കൊള്ളാൻ സംവിധായകനെ അനുവദിക്കുന്നില്ല. എങ്കിൽപ്പോലും ചരിത്രത്തിൽ കാര്യമാത്ര പ്രസക്തതയെ ജീവിതത്തിന്റെ സഹജമായ നാടകീയതയുപയോഗിച്ച് ചൈതന്യവത്താക്കുന്നതിൽ അദ്ദേഹം വിജയിക്കുന്നുണ്ട്. അതുകൊണ്ടുതന്നെയാണ് അയ്യൻ പുലയനും മാലയും കാളിയും ചിരുകണ്ടനും മാണിക്യനുമൊക്കെ ചരിത്രശകലങ്ങളെന്നതിലുപരി വികാര വിചാരങ്ങളുള്ള മനുഷ്യജീവികളായി അരങ്ങുനിറഞ്ഞാടുന്നതും.

പൊതുവഴിയിലും കളിസ്ഥലത്തും അകാരണമായി തന്നെയും തന്റെ സമൂഹത്തെയും അകറ്റിനിർത്തുകയും അവഹേളിക്കുകയും ചെയ്യുന്ന മേലാള നാട്ടുനടപ്പുകൾക്കെതിരേ കാളിയെന്ന ബാലനിൽ സ്വാഭാവികമായി രൂപപ്പെടുന്ന പ്രതിഷേധത്തിന് സ്വന്തം അമ്മയുടെ ചടുലവും നാടൻമട്ടിലുള്ളതുമായ സാമൂഹ്യ വിശകലന സ്വഭാവം പ്രോത്സാഹനം നല്കുന്നുണ്ട്. ചിന്താകുലനായി വളർന്ന ആ ബാലൻ തന്റെ യുവത്വം

## നാടകക്കാഴ്ച

ഈ വ്യവസ്ഥയ്ക്കെതിരേ പ്രതികരിക്കാൻ ഉഴിഞ്ഞുവയ്ക്കുകയാണ്. തന്റെ കളിക്കൂട്ടുകാരെയും കാരണവരെയും കുഞ്ഞുമക്കളെപ്പോലും ഈ പ്രതിരോധത്തിന് സജ്ജരാക്കാൻ അദ്ദേഹത്തിന്റെ നിതാന്ത പരിശ്രമത്തിനു കഴിഞ്ഞു. 'രണ്ടു കാലുള്ള നാൽക്കാലികൾ' എന്ന അവസ്ഥയിൽനിന്നും നിവർന്നു നില്ക്കുന്ന മനുഷ്യർ എന്ന അവസ്ഥയിലേക്കുള്ള സമൂഹത്തിന്റെ വ്യതിയാനം നാടകത്തിൽ ഭംഗിയായി ആവിഷ്കരിക്കപ്പെടുന്നുണ്ട്.

തൊട്ടതിനും പിടിച്ചതിനുമൊക്കെ തലേക്കെട്ടുമായി ചാടി അഭ്യാസം കാണിക്കുന്ന നാടൻ ചട്ടമ്പിയെന്ന നിലയിലേക്ക് താഴാതെ സന്ദർഭം ആവശ്യപ്പെടുന്ന രീതിയിൽ പ്രതികാരത്തിന്റെ രൂപഭാവങ്ങൾ നിശ്ചയിക്കത്തക്ക ആർജവവുമുള്ള ഒരാളാണ് ഈ നാടകത്തിൽ അയ്യങ്കാളി. തമ്പ്രാക്കളുമായി തല്ലുണ്ടാക്കി സമയം കളയുന്നതിനേക്കാൾ നമ്മുടെ കുഞ്ഞുമക്കൾക്ക് രണ്ടക്ഷരം പഠിക്കാൻവേണ്ടിയുള്ള ശ്രമത്തിലേക്ക് ശ്രദ്ധതിരിക്കാൻ ഒരിക്കൽ അദ്ദേഹം നടത്തുന്ന ആഹ്വാനം ശ്രദ്ധേയമാണ്. തല്ലുവേണ്ടിടത്ത് തല്ല്, നിവേദനങ്ങൾ മതിയെങ്കിൽ അത്, രാജാവിനെ നേരിട്ടുകണ്ട് അപേക്ഷിക്കേണ്ടതുണ്ടെങ്കിൽ അങ്ങനെ- തന്റെ ആളുകളുടെ ദുരിതമകറ്റാൻ ഒരു വഴിയും അദ്ദേഹം ഉപയോഗിക്കാതിരുന്നിട്ടില്ല. കൊച്ചുകൊച്ചു സംഭവങ്ങളിലൂടെയും സന്ദർഭങ്ങളിലൂടെയും അവയെല്ലാം പ്രേക്ഷകർക്കു മുന്നിൽ അവതരിപ്പിക്കപ്പെടുന്നു.

കലങ്ങിയ വെള്ളത്തിൽ മീൻപിടിക്കാനെത്തിയ മതപരിവർത്തനക്കാരെയും അതുമൂലമുണ്ടായ പുതിയ ധ്രുവീകരണത്തെയും പ്രശ്നങ്ങളെയും ആക്ഷേപഹാസ്യ ശൈലിയിൽ ഈ നാടകം വരച്ചുകാട്ടുന്നുണ്ട്. അയ്യാവു സ്വാമികൾ, ശ്രീനാരായണ ഗുരു, ഗാന്ധി എന്നിവരുടെ ഹ്രസ്വമായ ഇടപെടലുകൾ വിമർശനബുദ്ധിയോടെ മാത്രം വിലയിരുത്തുന്നു എന്നതും ഈ നാടകത്തിന്റെ പ്രത്യേകതയാണ്.

ആദ്യവതരണമായതു കൊണ്ടാകാം സാങ്കേതികതകരാറുകളാണ് ഈ നാടകത്തിന്റെ ഒഴുക്കിനെ അലോസരപ്പെടുത്തിയത്. വെളിച്ചക്രമീകരണത്തിലും രംഗസജ്ജീകരണത്തിലും കണ്ട അക്ഷന്തവ്യമായ പന്തികേടുകൾ, പരിശ്രമംകൊണ്ട് പരിഹരിക്കാവുന്നതേയുള്ളൂ. കാണികളുടെ തുടർച്ചയായ കൈയടികളും പ്രോത്സാഹനവും നേടിയ സംഭാഷണങ്ങൾ, പക്ഷേ, വേണ്ടത്ര സാവകാശം നല്കാതെ ധൃതിപിടിച്ച് കത്തികയറുന്ന മട്ടിൽ നടീനടന്മാരെ അവതരിപ്പിച്ചത്, ചില രംഗങ്ങളുടെ ചൈതന്യം കെടുത്തിക്കളഞ്ഞു.

കാണികളുടെ ഇടപെടലുകളെയും നിർദേശങ്ങളെയും സ്വാഗതം ചെയ്യുകവഴി ഭാവിയിൽ മെച്ചപ്പെടുമെന്നുള്ള ഉറപ്പാണ് നാടകസംഘം പ്രേക്ഷകർക്കു നല്കിയിരിക്കുന്നത്.

**'എന്താണീ നാടകം, ഇന്നത്തെ ദലിതർക്കു നല്കുന്ന സന്ദേശം? സന്ദേശം നല്കല്ല തങ്ങളുടെ നിയോഗമെന്ന് നാടകസംഘം പറയുന്നു. രക്ഷകർക്കുവേണ്ടി കാക്കാതെ ഓരോരുത്തരും തലയുയർത്തുകയെന്നതാണ് അയ്യങ്കാളിയെ വിഗ്രഹവത്കരിക്കുന്നതിനെതിരേ കൈക്കൊള്ളാവുന്ന കരുതലെന്ന്' പറയാതെ പറയുന്നില്ലേ ഇതിന്റെ അന്ത്യരംഗം?**

തങ്ങൾ കൂടുതൽ കൂടുതൽ ദലിത് വേദികൾക്കായി കാത്തിരിക്കുന്നു എന്നും സൂര്യകാന്തി പറയുന്നു. ദലിതരുടെ പ്രതികരണമാണ് നാടകത്തിന്റെ ദിശാബോധം പുനർനിർണയിക്കേണ്ടത് എന്നിവർ കരുതുന്നു.

നാടകാവതരണത്തിനായി ബന്ധപ്പെടേണ്ട വിലാസം: **സൂര്യകാന്തി തിയേറ്റേഴ്സ്, കല്ലറ, തിരുവനന്തപുരം ജില്ല.**